# ചാൾസ് ഗ്രാന്റും ആധുനിക ഇന്ത്യൻ വിദ്യാഭ്യാസവും

**Sreejith E ***

125 ഷെയർഹോൾഡർമാരും 72000 ബ്രട്ടീഷ്പൗണ്ട് മൂലധനവുമായി 1600 ഡിസംബർ മാസം 31-ാം തിയ്യതി ഔദ്യോഗികാംഗീകാരം ലഭിച്ച ജോയിന്റ് സ്റ്റോക്ക് കമ്പനിയായിരുന്നു 'പൂർവേന്ത്യൻ സംഘം' എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഈസ്റ്റ് ഇന്ത്യാ കമ്പനി [1]. അന്നത്തെ ബ്രിട്ടീഷ് രാജ്ഞിയായിരുന്ന എലിസബത്ത് I ഉം കമ്പനിയുടെ ഷെയർഹോൾഡർമാരിലൊരാളായിരുന്നു. കമ്പനി രൂപം കൊള്ളുമ്പോൾ ഇന്ത്യയിലെ പ്രബലമായ രാജവംശം മുഗളരും ചക്രവർത്തി അക്ബറുമായിരുന്നു.

ഒരു കൂട്ടം സാഹസികരായ കച്ചവടക്കാരായിരുന്നു സംഘത്തിന്റെ പിറവിക്കു പിന്നിൽ. പലരും കരുതുന്നതുപോലെ കച്ചവടത്തോടൊപ്പം ക്രിസ്തുമതത്തിന്റെ വ്യാപനമോ മതപരിവർത്തനമോ കമ്പനിയുടെ അജണ്ടയിൽ ഉണ്ടായിരുന്നില്ല[2]. മാത്രമല്ല ആദ്യത്തെ എൺപതുവർഷങ്ങളിൽ കമ്പനി സ്ഥാപിച്ച ഒരു പള്ളിപോലും ഇന്ത്യയിൽ ഉണ്ടായിരുന്നുമില്ല . എന്നിരുന്നാൽത്തന്നെയും ക്രിസ്തു വചനങ്ങൾ തദ്ദേശിയരിലേക്കെത്തിക്കാനുള്ള ചില എളിയ ശ്രമങ്ങളെങ്കിലും കമ്പനി ഉദ്യോഗസ്ഥന്മാർ നടത്താതിരുന്നിട്ടുമില്ല. മതംപോലെ കോളനി ജനതയുടെ വിദ്യാഭ്യാസവും കമ്പനിയുടെ ഉത്തരവാദിത്വമായിരുന്നില്ല. ഇംഗ്ലണ്ടിൽപോലും പ്രാഥമിക വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ഉത്തരവാദിത്വത്തിലാകുന്നത് പിന്നെയും നൂറ്റാണ്ടുകൾ കഴിഞ്ഞാണെന്നതാണ് വസ്തുത.[3]

* *Asst.professor, Dept.of History, Govt.Arts & Science College, Kozhikode, Kerala*

*Email: rituragsrijit@gmail.com*

1698 ൽ കമ്പനിയുമായി ബന്ധപ്പെട്ട ചാർട്ടർ പുതുക്കുന്ന അവസരത്തിൽ ഒരു 'മിഷനറി ക്ലോസ്' കൂട്ടിചേർക്കാൻ പാർലമെന്റ് തയ്യാറായി. ഇതു പ്രകാരം തങ്ങളുടെ ഫാക്ടറികളിൽ(വ്യാപാര കേന്ദ്രങ്ങളിൽ) ക്രിസ്തീയ പുരോഹിതരെ നിയമിക്കാനും 500 ടണ്ണോ അധിലധികമോ ഭാരമുള്ള ആളുകളുമായിവരുന്ന ഓരോ കപ്പലിനോടൊപ്പവും ഒരു ചാപ്ലെയ്നെ കൊണ്ടുവരാനും കമ്പനിക്ക് നിർദ്ദേശം ലഭിച്ചു[4]. ഈ പുരോഹിതന്മാർ നിർബന്ധമായും പോർച്ചുഗീസ് പഠിക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടു. കമ്പനി ഇന്ത്യയിൽ നിയമിച്ച തദ്ദേശിയരായ പല കീഴ്ജീവനക്കാർക്കും ഇംഗ്ലീഷിനേക്കാളുപരി പരിചയമുണ്ടായിരുന്ന വിദേശഭാഷ പോർച്ചുഗീസായിരുന്നു എന്നതായിരുന്നു കാരണം. തങ്ങളുടെ സൈനിക ആസ്ഥാനങ്ങളിലും കച്ചവടകേന്ദ്രങ്ങളിലും ആവശ്യമെങ്കിൽ വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള അനുവാദവും ഇതോടൊപ്പം കമ്പനിക്ക് ലഭിച്ചു.

1698 ലെ ചാർട്ടർആക്ട് കമ്പനിക്ക് കീഴിലുള്ള പ്രദേശങ്ങളിലെ പൊതുജനങ്ങളെ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസമായിരുന്നില്ല ഉദ്ദേശിച്ചിരുന്നത്; മറിച്ച് യൂറോപ്യൻ വിദ്യാർത്ഥികളെയും ആംഗ്ലോ- ഇന്ത്യൻ കുട്ടികളെയുമായിരുന്നു. ഇതിനിടെ മൂന്ന് പ്രസിഡൻസികളും, കൽക്കത്ത, ബോംബെ, മദിരാശി ചാപ്ലയ്ൻമാരെ നിയമിച്ചിരുന്നു. ഈ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടത് തങ്ങളുടെ അടിയന്തിര കർത്തവ്യമായി ചാപ്ലയ്ൻമാർ കണ്ടു. ആംഗ്ലോ ഇന്ത്യൻ കുട്ടികൾ ഇംഗ്ലീഷ് ജീവനക്കാർക്ക് ഇന്ത്യൻ ഭാര്യമാരിലുണ്ടാ യിരുന്ന അനൗദ്യോഗിക സന്തതികളായിരുന്നു. ഏത് വിധേനയും അവഗണിക്കപ്പെട്ടിരുന്ന ഈ വിഭാഗത്തെ ക്രിസ്ത്യൻ വിശ്വാസത്തിനകത്ത് ഉറച്ചുനിർത്താനും വിദ്യാഭ്യാസം നൽകാനും അവർ ഔത്സുക്യം കാണിച്ചു.

ഇവരുടെ വിദ്യാഭ്യാസാവശ്യാർത്ഥം ഇംഗ്ലണ്ടിലെ 'ചാരിറ്റി' സ്കൂളുകളുടെ മാതൃകയിൽ വിദ്യാലയങ്ങൾ ആരംഭിക്കാൻ തുടങ്ങി[5]. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മതപരമായ വിജ്ഞാനം നല്കുക എന്ന ലക്ഷ്യം കൂടി ചാരിറ്റി സ്കൂളുകൾക്കുണ്ടായിരുന്നു. മാനുഷിക പരിഗണനയിലധിഷ്ഠിതമായ ഇത്തരം സ്ഥാപനങ്ങളുടെ ആരംഭം ഇംഗ്ലണ്ടിൽ SPCK (Society for the Promotion of christian knowledge) യുടെ ആഭിമുഖ്യത്തിൽ 1699 മുതലായിരുന്നു. ഇടവകകളോട് ചേർന്നാണവ പ്രവർത്തിച്ചിരുന്നത്. 1836 ൽ പ്രസിദ്ധീകരിക്കപ്പെട്ട ചാൾസ് ഡിക്കസിന്റെ 'സ്കെചസ് ബൈ ബോസ്' എന്ന കൃതിയിൽ പാരിഷ് സ്കൂൾ മാസ്റ്ററുടെ ദയനീയ ചിത്രം വരച്ചുകാണിച്ചിട്ടുണ്ട്. മതവിജ്ഞാനത്തോടൊപ്പം എഴുത്ത്, വായന തുടങ്ങിയ പ്രവർത്തനങ്ങളും ചാരിറ്റി സ്കൂളുകളിൽ നടന്നിരുന്നു. അതിലുപരി ഫാക്ടറി ജോലിക്കാരായോ, വീട്ടു വേലക്കാരായോ, തൊഴിലാളികളായി മാറാനോ ഉള്ള പരിശീലനവും കുട്ടികൾക്ക് ലഭിക്കുകയുണ്ടായി. കുട്ടികളെ ഊർജ്ജസ്വലരാക്കി നിർത്തുകയായിരുന്നു ലക്ഷ്യം. ആയതിനാൽ വസ്ത്രങ്ങൾ തുന്നാനും ലെയ്സ് കൊണ്ടുള്ള പണികൾ

ചെയ്യാനും, തോട്ട പരിപാലനം, നിലമുഴൽ തുടങ്ങിയ ജോലികളിലും കുട്ടികൾക്ക് പരിശീലനം നൽകി. ഇത്തരം ചാരിറ്റി സ്കൂളുകളുടെ ചുവടുപിടിച്ച് കേരളത്തിൽ എൽ. എം.എസ്, സി.എം.എസ്, ബാസൽ മിഷൻ സംഘങ്ങൾ സ്കൂളുകൾ സ്ഥാപിച്ചപോൾ മിഷനറിമാരുടെ ഭാര്യമാരായിരുന്നു ഈ വകപരിശീലനങ്ങൾ നൽകിയിരുന്നത്.[6] ചാരിറ്റി സ്കൂളുകളിൽ ഫീസ് പിരിച്ചിരുന്നില്ല. വലിയ തോതിലുള്ള സംഭാവനകളും, പൈതൃക സ്വത്തുകളുടെ ദാനവും സ്വീകരിച്ചു കൊണ്ടാണ് ഇവ പ്രവർത്തിച്ചു വന്നത്. 1760കളോടെ ഇംഗ്ലണ്ടിൽ മുപ്പതിനായിരത്തിൽപ്പരം കുട്ടികളുടെ വിദ്യാഭ്യാസം നിർവഹിക്കാൻ അവർക്ക് കഴിഞ്ഞു. എന്നാൽ അതിവേഗം തന്നെ ഇത്തരം സ്ഥാപനങ്ങളിലെ പാഠ്യപദ്ധതികളും പഠനരീതികളും വിമർശന വിധേയമായി.

പാഠപുസ്തകളുടെ കാഠിന്യവും, അധ്യാപകരുടെ നിലവാരമില്ലായ്മയും, യാന്ത്രികമായ പഠനപ്രവർത്തനങ്ങളും, ബൈബിളിന്റെയും പ്രാർത്ഥനാപുസ്തകങ്ങളുടെയും കാണാപ്പാഠം പഠിക്കലുമെല്ലാം ക്രമേണ ചാരിറ്റി സ്കൂളിന്റെ ജനപ്രിയത ഇല്ലാതാക്കി. ചാരിറ്റി സ്കൂളുകളുടെ പോരായ്മ ഇംഗ്ലണ്ടിൽ പരിഹരിക്കപ്പെടുന്നത് കേരളത്തിൽ നിലനിന്നിരുന്ന കുടിപ്പള്ളികൂടമാതൃക ഉപയോഗിച്ചായിരുന്നു എന്നത് വേറെ വസ്തുത. മദ്രാസ് ചാപ്ലെയ്നായിരുന്ന ഡോ. ആൻഡ്രൂ ബെല്ലിന്റെ നേതൃത്വത്തിൽ 1800 മുതൽ അരനൂറ്റാണ്ടുകാലം ഇംഗ്ലണ്ടിൽ നടപ്പാക്കിയ ഈ സമ്പ്രദായം മോണിറ്റോറിയൽ അഥവാ മദ്രാസ് സിസ്റ്റം എന്നാണ് അറിയപ്പെട്ടിരുന്നത്. ഇത് പ്രകാരം ഒരധ്യാപകന് ഒരോസമയം തന്നെ മുതിർന്ന വിദ്യാർത്ഥികളുടെ സഹായത്താൽ വിവിധ നിലവാരത്തിലുള്ള കുട്ടികളെ സമർത്ഥമായി വിദ്യ അഭ്യസിപ്പിക്കാൻ കഴിഞ്ഞിരുന്നു. ഇതിന്റെ ഏറ്റവും വലിയ ഗുണവശം ഒരാൾക്ക് മാത്രം ശമ്പളം നൽകിയാൽ മതി എന്നതായിരുന്നു. അതേ സമയം അനേകം വിദ്യാർത്ഥികൾ വിദ്യ നേടുകയും ചെയ്തു. സി.വി കുഞ്ഞിരാമന്റെ ഞാൻ എന്ന ആത്മകഥയിൽ ഇത് എങ്ങനെയാണ് നടന്നിരുന്നതെന്ന് വിശദമായി വ്യക്തമാക്കിയിട്ടുണ്ട്.[7] കുഞ്ഞൻപിള്ളക്ക് ചട്ടമ്പി സ്വാമികൾ എന്ന പേര് വരുന്നത് ചട്ടമ്പി അഥവാ മോണിറ്റർ എന്ന സ്ഥാനപ്പേരിൽ നിന്നാണ്.[8]

കമ്പനി ഇന്ത്യയിൽ സ്കൂളുകൾ ആരംഭിച്ചപ്പോൾ അധ്യയന മാധ്യമം ഇംഗ്ലീഷായിരുന്നില്ല, പോർച്ചുഗീസായിരുന്നു. ഇത് വിജയകരമല്ലെന്ന് വളരെ വേഗം തന്നെ വ്യക്തമായതിനാൽ ഇംഗ്ലീഷിലേക്ക് തന്നെ തിരിയേണ്ടിവന്നു. 1715 ൽ മദ്രാസിൽ സ്ഥാപിക്കപ്പെട്ട സെന്റ്മേരീസ് ചർച്ച് സ്ക്കൂൾ ഇത്തരത്തിൽ ആദ്യത്തേതായിരുന്നു. റവറണ്ട് ഡബ്ല്യൂസ്റ്റീവൻസനായിരുന്നു അതിന്റെ പിറകിൽ. ഈ സ്കൂളിന് വേണ്ടി ചില അവസരങ്ങളിലെങ്കിലും സംഭാവന നൽകാൻ കമ്പനി തയ്യാറായി. രണ്ടു വർഷത്തിനു ശേഷം ബോംബെയിൽ ഒരു സ്കൂൾ തുറന്നു. 1787-ൽ ഗവർണ്ണറുടെ ഭാര്യയായ ലേഡി കാംപലിന്റെ (Lady campell) ന്റെ താല്പര്യത്തിൽ മദ്രാസിൽ അനാഥരായ

പെൺകുട്ടികൾക്കുവേണ്ടി ഒരു വിദ്യാലയം തുറന്നു (Female Asylum). അതേവർഷം തന്നെ നേരത്തെ സൂചിപ്പിച്ച ചാപ്ലെയ്നായ ആൻഡ്രൂബെൽ ആൺകുട്ടികൾക്കു(Male Asylum)വേണ്ടി ഒരു അഭയസ്ഥാപനം സ്ഥാപിച്ചു.[9]

വ്യവസായികവിപ്ലവവും കാർഷിക, വാണിജ്യ മേഖലകളിലുണ്ടായ ഉണർവ്വുമെല്ലാം ഇംഗ്ലണ്ടിൽ ഒരു മധ്യവർഗ്ഗത്തിന്റെ ഉദയത്തിന് കാരണമായി. ഇത് മറ്റു പലതിന്റെയുംകൂടെ മതവിശ്വാസത്തിന്റെ പുനരുദ്ധാരണത്തിനും പ്രാചരണത്തിനും വഴിതെളിയിച്ചു. പുതുതായി രൂപീകരിക്കപ്പെട്ട ഇവാഞ്ചലിക്കൽ പ്രസ്ഥാനങ്ങൾ ജീവിതത്തിനാകമാനം ഒരു ക്രമവും വ്യവസ്ഥയും രീതിശാസ്ത്രവും ഉണ്ടാകണമെന്ന് വാദിച്ചു. പുതിയ സാമൂഹിക മൂല്യങ്ങൾ ഉയർന്നു വന്നു. കാണുന്ന ലോകങ്ങളി ലൊക്കെയും ക്രിസ്തുവിന്റെ മതവും വചനങ്ങളും എത്തിക്കേണ്ടത് ഓരോ ഇംഗ്ലീഷുകാരന്റെയും അടിയന്തിരകടമയായി കണക്കാക്കപ്പെട്ടു.[10] ആഗ്ലിക്കൻസഭയുടെ കീഴിൽ നിരവധി മതപ്രചാര സംഘങ്ങൾ രൂപീ കരിക്കപ്പെട്ടു. ഇവക്കൊക്കെ വലിയ സാമ്പത്തിക സഹായങ്ങൾ ലഭിക്കുകയും ചെയ്തു. സ്വാഭാവികമായും ഒരു വലിയ കോളനി രാജ്യമായ ഇന്ത്യ മതപ്രചാരക സംഘങ്ങളുടെ സ്വപ്നഭൂമിയായി അധികം താമസമുണ്ടായില്ല.

ഇന്ത്യയിൽ മതപ്രചാരണസംഘങ്ങളെ അനുവദിക്കണമെന്ന മാതൃരാജ്യത്തിൽ നിന്നുള്ള മുറവിളികളെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി ആദ്യംമുതലേ എതിർത്തിരുന്നു. ഇന്ത്യയിൽ നിലനിൽ ക്കുന്ന സമൂഹ്യ-രാഷ്ട്രീയ-മത മേഖലകളിൽ അടിസ്ഥാനപ രമായ മാറ്റങ്ങൾ ഉണ്ടാവണ മെന്ന് കമ്പനി ആഗ്രഹിച്ചിരുന്നില്ല. അതൊക്കെ തങ്ങളുടെ വ്യാപരതാല്പര്യങ്ങൾക്ക് ഹാനികരമായിത്തീരും എന്നവർ നിരീക്ഷിച്ചിരുന്നു. നേരെമറിച്ച് , അതേ സമയം ഇവിടുത്തെ ആരാധനാലയങ്ങൾക്ക് സംഭാവന നൽകുവാനും ഉത്സവങ്ങളിൽ പങ്കെടുത്തുകൊണ്ട് ഹിന്ദുമതത്തോടുള്ള തങ്ങളുടെ ആദരവ് പ്രകടിപ്പി ക്കാനുമൊക്കെ ഇംഗ്ലീഷുകാർ തയ്യാറായി. മതസൗഹാർദ്ദത്തെക്കാളുപരി ഭരണപരമായ അടവുകളായിരുന്നു അവ. 1847 ലെ ഒരു കണക്കനുസരിച്ച് ക്ഷേത്രങ്ങൾക്ക് മാത്രം ഈസ്റ്റിന്ത്യാ കമ്പനി ഇത്തരത്തിൽ നൽകിയ പണം 11,86,577 രൂപയായിരുന്നു.[11] ക്ഷേത്ര ങ്ങൾ, മുസ്ലീം പള്ളികൾ മുതലായവയ്ക്ക് സംഭാവനകൾ നല്കുന്ന ഈ പ്രവർത്തി കൾക്കെതിരെ മിഷനറിമാർ ബ്രിട്ടനിലെ രാജാവിനും സർക്കാറിനും മെമ്മോറാണ്ടം സമർപ്പിക്കുന്നതുവരെയെത്തി കാര്യങ്ങൾ. ആരാധനാലയങ്ങളുടെ നിർമ്മാണ പ്രവർത്ത നങ്ങളുടെ ചെലവുകൾക്ക് മേൽനോട്ടം വഹിക്കുകയോ ഗ്രാന്റുകൾ നൽകുകയോ വഴി ഹിന്ദുകൾക്കും മുസ്ലീങ്ങൾക്കും ആത്മവിശ്വാസം നൽകുകയാണ് കമ്പനി ചെയ്യുന്ന തെന്നും അന്യമതങ്ങളെ ക്രിസ്ത്യൻ ഭരണാധികാരികൾ സംരക്ഷികുകയും സഹായി ക്കുകയും ചെയ്യുകയാണെന്നും മിഷനറിമാർ പരാതി പ്പെട്ടു. കമ്പനി ക്രിസ്തുമതത്തോടു ചെയ്യുന്ന അപരാധമായവർ ഇതിനെ കാണുകയും റോമിലെ പഴയ അവിശ്വാസികളായ

രാജാക്കന്മാർ വിശ്വാസികളോടു ചെയ്ത ക്രൂരതയ്ക്ക് സമമാണിതെന്നും പ്രചരിപ്പിക്കുകയും ചെയ്തു.[12]

ഇതിനിടെ ഇന്ത്യയിൽ പുതുതായി സ്ഥാപിക്കപ്പെട്ട ധർമ്മ വിദ്യാലയങ്ങൾക്ക് സ്ഥലം കണ്ടെത്താനും സംഘാടകരായി പ്രവർത്തിക്കാനുമൊക്കെയുള്ള അനുവാദം കമ്പനി ഉദ്യോഗസ്ഥന്മാർക്ക് ലഭിച്ചു. ചില സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ കമ്പനി ചെയ്തു കൊടുത്തു. ഇതൊന്നും ഔദ്യോഗികമായ ഉത്തരവാദിത്വങ്ങളായിരുന്നില്ല; മറിച്ച് സമയം, സന്ദർഭം, വ്യക്തികൾ എന്നിവ അടിസ്ഥാനമാക്കിയുള്ള സൗജന്യങ്ങളായിരുന്നു.

1764 ലെ ബക്സർ യുദ്ധത്തോടെ ഇന്ത്യയിൽ വ്യക്തമായ ചില രാഷ്ട്രീയാധികാരങ്ങൾ കമ്പനിയിൽ വന്നുചേർന്നു. യൂറോപ്യന്മാർക്കും, ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്കും മാത്രമായി നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഭരണപരമായ കാരണങ്ങളാൽ വിപുലമാക്കേണ്ടിവന്നു. അപ്പോഴും അത് സാധാരണക്കാരെ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നില്ല. സമൂഹത്തിലെ കുലീന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയാൽ കമ്പനിയുടെ ഉദ്യോഗസ്ഥന്മാരാക്കാമെന്നും അതുവഴി വിധേയത്വവും ആത്മാർത്ഥതയുമുള്ള ഒരു വിഭാഗത്തെ വാർത്തെടുക്കാമെന്നും അത് കമ്പനിയുടെ ഇന്ത്യയിലെ ഭരണത്തെ ഊട്ടിഉറപ്പിക്കുമെന്നും പ്രതീക്ഷിക്കപ്പെട്ടു. കമ്പനി ഭരണത്തിന്റെ ഏകോപനവും വ്യാപനവുമായിരുന്നു ലക്ഷ്യം; ജനതയുടെ വിദ്യാഭ്യാസ അഭിലാഷങ്ങളെ സാക്ഷാത്ക്കരിക്കുകയായിരുന്നില്ല. തുടർന്ന് വാറൻഹേസ്റ്റിംഗ്സിന്റെ ശ്രമഫലമായി കൽക്കത്തയിൽ ഒരു മദ്രസ പാഠശാലയും 1791-ൽ ബനാറസിലെ റസിഡണ്ടായിരുന്ന ജോനാഥൻഡങ്കന്റെ നേതൃത്വത്തിൽ ഒരു ഹിന്ദു കോളേജും സ്ഥാപിക്കപ്പെട്ടു.[14] 1765 മുതൽ 1813 വരെയുള്ള കാലയളവിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായിരുന്നില്ല കമ്പനിയുടെ ഊന്നൽ സാമ്പ്രദായികമായ പൗരസ്ത്യ വിജ്ഞാനത്തിന്റെ പ്രസരണവും സംരക്ഷണവുമായിരുന്നു. 1781-ൽ വില്യം ജോൺസിന്റെ നേതൃത്വത്തിൽ പൗരസ്ത്യ പഠനങ്ങൾക്കായി ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ എന്ന സ്ഥാപനം ആരംഭിക്കപ്പെടുന്നതൊക്കെ അതിന്റെ ഭാഗമായാണ്.[15]

ഏകദേശം 22 വർഷക്കാലം ഇന്ത്യയിൽ ജോലി ചെയ്തതിനുശേഷം അടുത്തൂൺപറ്റി നാട്ടിലെത്തിയ ചാൾസ് ഗ്രാന്റ് എന്ന ഉദ്യോഗസ്ഥൻ ഇവിടുത്തെ മതപരിവർത്തനത്തിനുള്ള സാധ്യതയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു. വിശ്രമജീവിതകാലത്ത് ഇന്ത്യയിൽ മിഷൻ വേലകൾ ഔദ്യോഗികമായി പ്രഖ്യാപിപ്പിക്കാനുള്ള ശ്രമങ്ങളിൽ അദ്ദേഹം വ്യാപൃതനായി. എന്നാൽ മിഷനറി പ്രവർത്തനങ്ങൾ, വിദ്യാഭ്യാസമടക്കം, കോളനികളിൽ പുതിയ അവബോധം സൃഷ്ടിച്ചേക്കുമെന്നും ആത്യന്തികമായി അത് കോളനി വിരുദ്ധ സമരങ്ങൾക്ക് കാരണമായേക്കുമെന്നും കമ്പനി ഭയപ്പെട്ടു.

ഇംഗ്ലണ്ടിലെ ചില ബിപ്ടിസ്റ്റ് മിഷനറിമാർ ഫ്രഞ്ച് വിപ്ലവത്തോടു കാണിച്ച ആഭിമുഖ്യവും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ പ്രെസ്ബിറ്റേറിയൻമാരുടെ പങ്കാളിത്തവുമെല്ലാം ഇത്തരം ചിന്തകൾക്ക് കരുത്തേകി. അതിനു പുറമേ ഇന്ത്യയിൽ ആദ്യകാലത്ത് മിഷനറി പ്രവർത്തനങ്ങൾ നടത്തിയവരുടെ അസഹിഷ്ണുതാപരമായ സമീപനങ്ങളെക്കുറിച്ചും ആരാധനാലയങ്ങൾക്കു മുൻപിലും മറ്റും സംഘടിക്കപ്പെട്ടിരുന്ന കൂട്ട മതപരിവർത്തനങ്ങളുടെ ആത്യന്തിക ഫലത്തെക്കുറിച്ചും കമ്പനിക്ക് ബോധ്യ മുണ്ടായിരുന്നു. ഹെർമ്മൻഗുണ്ടർട്ടിന്റെ കാലത്തുപോലും പയ്യോളിക്കടുത്തുള്ള കീഴൂർ ശിവക്ഷേത്രോത്സവത്തോടനുബന്ധിച്ചുള്ള കന്നുകാലിച്ചന്തയിൽ മതഘോഷണം നടത്തിയ മിഷനറി സംഘം ആക്രമിക്കപ്പെട്ട സംഭവം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഗുണ്ടർട്ടിനെ അനുസ്മരിക്കുന്ന ഒരു ചെറുലേഖനത്തിൽ മിഷനറിമാർ ഇവിടെ തിക്തം കഷായംപോലെയാണ് കരുതപ്പെടുന്നതെങ്കിലും അതിനെക്കൊണ്ടൊരു ഗുണമില്ലേ ? എന്ന വേങ്ങയിൽ കുഞ്ഞിരാമൻനായനാർ ചോദിക്കാനിടവന്നതും ഇവിടെ കൂട്ടി വായിക്കാം.[16]

ഇതിനുംപുറമേ ആദ്യകാലത്ത് ഇന്ത്യയിൽ നിയമിക്കപ്പെട്ട കമ്പനി ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തനങ്ങൾ ക്രിസ്തുമത ദർശനങ്ങൾക്ക് കടക വിരുദ്ധമായിരുന്നു. താഴ്ന്ന വേതനക്കാരായിരുന്ന ഇവർ സമ്മാനങ്ങൾ സ്വീകരിച്ചും അഴിമതി നടത്തിയും നിയമരഹിതമായ വ്യാപാരങ്ങളിലേർപ്പെട്ടും ധനസമ്പാദനത്തിലും സുഖലോലുപതയിലും ശ്രദ്ധകേന്ദ്രീകരിച്ചവരായിരുന്നു. മിഷനറിമാർ തങ്ങളുടെ സ്വകാര്യ ജീവിതത്തിന് വിഘാതമാകുമെന്നവരും കണക്കുകൂട്ടി.

1767 ൽ കമ്പനി ഉദ്യോഗസ്ഥനായി ഇന്ത്യയിൽ വന്ന ഗ്രാന്റ് ചെയ്ത സേവനങ്ങളെക്കുറിച്ച് AT Embree വിസ്തരിച്ച് പഠിച്ചിട്ടുണ്ട്. ഊർജ്ജ്വലമായിരുന്ന ജീവിതത്തിനിടയിൽ കുടുംബത്തിനു വന്നുപെട്ട ഒരു ദുരന്തം അദ്ദേഹത്തെ ക്രിസ്തു ദർശനങ്ങളിലേക്ക് കൂടുതൽ വലിച്ചടുപ്പിച്ചു. അന്നത്തെ ചാപ്ലെയ്നായിരുന്ന ഡേവിഡ് ബ്രൗൺമാനുമായുണ്ടായ സൗഹൃദം ഇതിൽ വ്യക്തത വരുത്താൻ അദ്ദേഹത്തെ സഹായിച്ചു. സിവിലിയൻ ജോർജ് ഉഡ്നിയും അദ്ദേഹത്തെ സ്വാധീനിച്ചു. ചാൾസ് ഗ്രാന്റാണ് ക്രിസ്തുമത വ്യാപനം ലക്ഷ്യമാക്കി ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസം ആരംഭിക്കേണ്ടതുണ്ട് എന്ന് ശക്തമായ തെളിവുകളുടെ സഹായത്താൽ ആദ്യമായി വാദിച്ചത്. ഇന്ത്യയിലെ ആധുനിക വിദ്യാഭ്യാസത്തിന്റെ പിതൃത്വം മെക്കാളെ പ്രഭുവിന് ചാർത്തികൊടുക്കാൻ വെമ്പുന്ന പല ഇന്ത്യൻ ചരിത്രകാരന്മാരും വിദ്യാഭ്യാസ വിചക്ഷണരും മെക്കാളേക്കും ഏകദേശം നാല്പത് വർഷംമുൻപ് ചാൾസ് ഗ്രാന്റ് ഈ വിഷയത്തിൽ നടത്തിയ ശ്രമങ്ങളെ തമസ്ക്കരിക്കുന്നതായോ, അല്ലെങ്കിൽ അജ്ഞരോ ആണ് എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.[17]

18-ാം നൂറ്റാണ്ടിന്റെ അന്ത്യപകുതിയോടെ ഇന്ത്യസമൂഹം എത്തിച്ചേർന്ന അധഃപതനത്തിൽ അതീവ ദുഖനായിരുന്നു ഗ്രാന്റ്. പ്രകൃതി പ്രതിഭാസങ്ങൾ ആദരിക്കപ്പെടുന്ന, കല്ലുകളിൽ ദൈവത്തെക്കാണുന്ന, ശൈശവ വിവാഹങ്ങളും ശിശുഹത്യയും നടമാടുന്ന, ബ്രാഹ്മണ മേധാവിത്വമുള്ള, നിരക്ഷരുടെ ഇന്ത്യ അദ്ദേഹത്തെ നിരാശപ്പെടുത്തി. ഓരോ ഇരുപതുവർഷം കൂടുതോറും പുതുക്കപ്പെടുന്ന ചാർട്ടർ ആക്ടുകളിലൂടെയായിരുന്നു കമ്പനിയുടെ ഇന്ത്യയുമായുള്ള കച്ചവടത്തിന് ബ്രിട്ടീഷ് പാർലമെന്റ് അനുമതി നല്കിയിരുന്നത്. 1784-ലെ പിറ്റ് ഇന്ത്യാ ആക്ടിനു ശേഷം കമ്പനി കേവലമൊരു കച്ചവടസ്ഥാപനം മാത്രമായിരുന്നില്ല. സ്വന്തമാക്കിയ ഭൂപ്രദേശങ്ങളിൽ ഭരണം നടത്തുകയും സ്വന്തം നടപടികൾക്ക് ബ്രിട്ടീഷ് പാർലമെന്റിന് മുൻപാകെ ഉത്തരവാദിയാവുകയും ചെയ്തിരുന്നു. മാത്രമല്ല ഇന്ത്യയിലെ കാര്യങ്ങൾ അവലോകനം ചെയ്തശേഷം മാത്രം തീരുമാനിച്ചാൽ മതിയെന്ന് പാർലമെന്റ് നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു.

1793ൽ ആയിരുന്നു ചാർട്ടർ ആക്ട് പുതുക്കാനുള്ള അടുത്ത സന്ദർഭം. ഇന്ത്യയിൽ ഇവാഞ്ചലിക്കൽ പ്രസ്ഥാനങ്ങളെ അനുവദിപ്പിക്കാനുള്ള സുവർണ്ണാവസരമായി ഗ്രാന്റ് ഇതിനെ കണ്ടു. അതിന്റെ ഭാഗമായി പാർലമെന്റ് അംഗങ്ങളെയും കമ്പനി ഡയറക്ടർമാരെയും സ്വാധീനിക്കാൻ അദ്ദേഹം ശ്രമം നടത്തി. അന്നത്തെ രാജാവായിരുന്ന ജോർജ് രണ്ടാമനും പ്രത്യേകിച്ച് വിസമ്മതമൊന്നുമുണ്ടായിരുന്നില്ല.

എന്നാൽ ഫ്രഞ്ച് വിപ്ലവത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങൾ കാരണം ഇന്ത്യയിലെ നിലവിലെ സാഹചര്യങ്ങളിൽ മാറ്റം വരുത്തുവാൻ കമ്പനി തയ്യാറായിരുന്നില്ല. ന്യുയോർക്കിൽ നിന്നുള്ള എം.പി ആയിരുന്ന വിൽബർഫോഴ്സുമായി ചാൾസ് ഗ്രാന്റിന് ബന്ധമുണ്ടായിരുന്നു. അടിമത്ത വിരുദ്ധ പ്രസ്ഥാനത്തിന്റെ മുഖ്യ വക്താവായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ക്രിസ്തു മതം പ്രചരിപ്പിക്കാനുള്ള നേരിട്ടുള്ള ശ്രമങ്ങൾ നടത്തുന്നതിനു പകരം ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കമ്പനിയെ ബോധ്യപ്പെടുത്തുകയാണ് ചെയ്യേണ്ടതെന്ന് എന്ന അഭിപ്രായക്കാരനായിരന്നു വിൽബർഫോഴ്സ്. സ്വാഭാവികമായും അത്തരം വിദ്യാഭ്യാസം ക്രിസ്തുമതത്തിലേക്കുള്ള ഉറച്ച പാത സൃഷ്ടിക്കുമെന്നും ഗുപ്തമായ രീതിയിൽ നമ്മുടെ ആഗ്രഹങ്ങൾ സാക്ഷാത്ക്കരിക്കുമെന്നും വിൽബർ ഫോഴ്സ് ഗ്രാന്റിന് ഉറപ്പ് നല്കി. അത് വ്യക്തമാക്കിക്കൊണ്ട് ഒരു പഠനം തയ്യാറാക്കാൻ അദ്ദേഹം ചാൾസ് ഗ്രാന്റിനോടഭ്യർത്ഥിച്ചു. അതിന്റെ പരിണിതഫലമായിരുന്നു "Obsevations on the state of society among asiatic subjectsd of Great Britanian, particularly in the respect of morals and in means of improving it" എന്ന ലഘു പ്രബന്ധം. 1792-ൽ തയ്യാറാക്കപ്പെട്ടെങ്കിലും ഇംഗ്ലണ്ടിൽ അത് പ്രസിദ്ധീകരിച്ചത് 1797 ലായിരുന്നു.[18]

ഹിന്ദുക്കളെ വിശ്വാസയോഗ്യരല്ലാത്തവരായും അഴിമതിക്കാരും വഞ്ചകരും പരസ്പര സ്പർദ്ധയിലേർപ്പെടുന്നവരായും മുസ്ലീംങ്ങളെ വിവേകരഹിതരായും ലൈംഗിക അരാജകത്വമുള്ളവരായും ആത്മീയ നാശം സംഭവിച്ചവരായും ഒക്കെ ഈ ലേഖനം ചിത്രീകരിച്ചു. ഇവർ തമ്മിൽ നൂറ്റാണ്ടുകളായി നടക്കുന്ന കൊള്ളകൊടുക്കലുകൾ ഇരുമതങ്ങളിലുമുള്ള തിന്മകളെ പരസ്പരം കൈമാറുന്നതിനിടയാക്കിയിട്ടുമുണ്ട്. ഈയൊരവസ്ഥയിൽ ഹിന്ദുമതത്തെ അനുപാതത്തോടെ കാണുന്ന കമ്പനി സമീപനം അപലപനീയമാണെന്നും ചെകുത്താന് സമമായ ഹിന്ദുമതത്തെ പരിരക്ഷചെയ്യാനുള്ള ഒരു ബാധ്യതയും കമ്പനിക്കില്ലെന്നും ഗ്രാന്റ് വ്യക്തമാക്കി. യുക്തി, ധാർമ്മികത ഒരു മതത്തിനുവേണ്ട അടിസ്ഥാന പ്രമാണങ്ങൾ എന്നിവയൊന്നുമില്ലാത്ത ഹിന്ദുമതത്തെ നേരിടേണ്ടത് ക്രിസ്തുമതം ഒന്നുകൊണ്ടുമാത്രമാണെന്നും അത് ഇന്ത്യയിലേക്കെത്തിക്കേണ്ടത് യൂറോപ്പിന്റെ ശാസ്ത്രവും, സാഹിത്യവും വഴി ആയിരിക്കണമെന്നും ഗ്രാന്റ് എഴുതി. പുതിയ സങ്കല്പനങ്ങളിലേക്കും ആശയങ്ങളിലേക്കും ഇന്ത്യക്കാരെ നയിക്കാനുള്ള ഏക പോംവഴി അതുമാത്രമാണെന്നും ഗ്രാന്റ് കൂട്ടിച്ചേർത്തു.

ബംഗാളികൾക്ക് ബ്രിട്ടീഷുകാരുമായുള്ള ദീർഘകാല ബന്ധം ഇംഗ്ലീഷ് അധ്യനയമാധ്യമമാക്കാൻ സഹായകമാണ്. ഭാഷാ പരിജ്ഞാനത്തിലൂടെ യൂറോപ്യൻ വിജ്ഞാനത്തെ വളരെ എളുപ്പത്തിൽ അവരിലെത്തിക്കാം. പുസ്തകങ്ങൾ വിവർത്തനം ചെയ്ത് നാട്ടുഭാഷയിൽ ലഭ്യമാക്കാൻ കാലതാമസമെടുക്കും. അതിൽത്തന്നെ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. പേർഷ്യന് പകരം ഇംഗ്ലീഷ് ഭരണഭാഷയാക്കിയാൽ അത് പഠിക്കാനുള്ള പ്രേരണ ജനങ്ങൾക്കുണ്ടാകും. ആയതിനാൽ കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കണം. അധ്യാപകർ ധാർമ്മിക മൂല്യങ്ങൾ പുലർത്തുന്നവരായിരിക്കണം. ഈ സ്കൂളുകളിൽ പഠിക്കുന്നവർ നാട്ടുകാരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നവരായി മാറും. ഗ്രാന്റിന്റെ കുറിപ്പ് അവസാനിക്കുന്നതിങ്ങനെയാണ്."അന്ധകാരത്തെ അകറ്റാനുള്ള ഏക മരുന്ന് വെളിച്ചം തന്നെയാണ്. ഹിന്ദുക്കൾ തെറ്റു ആവർത്തിക്കുന്നുണ്ടെങ്കിൽ തങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് അവർക്കറിഞ്ഞുകൂടാത്തതിലാണ്. ഇതുവരെ ആരും തങ്ങൾ ചെയ്യുന്നത് എന്താണെന്ന് അവരോട് പറഞ്ഞുകൊടുത്തിട്ടില്ല".[19] സ്വാഭാവികമായും ഇതിനൊരു പരിഹാരമുണ്ടായേ തീരൂ എന്നും അദ്ദേഹം എഴുതി ഉറപ്പിച്ചു.

ഈസ്റ്റിന്ത്യാ കമ്പനിയുടെ സിവിൽ,സൈനിക നികുതി കാര്യങ്ങൾ തീരുമാനിക്കാനും നിയന്ത്രികാനുമായി ഒരു ബോർഡ് ഓഫ് കൺട്രോൾ- 6 അംഗങ്ങളോടെ രൂപീകരിക്കപ്പെട്ടിരുന്നു. ചാൾസ് ഗ്രാന്റിന്റെ പ്രബന്ധം പുറത്തുവരുമ്പോൾ അതിന്റെ പ്രസിഡണ്ട് ഹെന്റി ഡുൻഡാസ് (Henry Dundas) ആയിരുന്നു. അദ്ദേഹം അതു കാണാനിടയാവുകയും സെക്രട്ടറിയായിരുന്ന വില്യം കാബല്ലിനോട് ഇതുസംബന്ധിച്ച് ഒരുകുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഗ്രാന്റിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കിയാലുണ്ടാ

കുന്ന രാഷ്ട്രീയ ഗുണഗണങ്ങളെക്കുറിച്ച് അദ്ദേഹം വ്യക്തമാക്കി. അധ്യന മാധ്യമമായി നിശ്ചയിക്കപ്പെടുന്ന ഇംഗ്ലീഷ് ഭരിക്കപ്പെടുന്നവരും ഭരണീയരും തമ്മിലുള്ള ബന്ധം ശക്തമാക്കുമെന്നും യൂറോപ്യൻ വിജ്ഞാനം ജനതയുടെ തെറ്റായ വിശ്വാസ പ്രമാണ ങ്ങളെ നിരാകരിക്കാൻ പ്രാപ്തമാക്കുമെന്നും കാബൽ കൂട്ടിച്ചേർത്തു.

1793 ൽ ചാർട്ടർ പുതുക്കുന്ന അവസരത്തിൽ അറ്റോർണി ജനറൽ ഈ നിർദ്ദേശ ങ്ങളെ ബില്ലുകളുടെ വിഭാഗത്തിൽപ്പെടുത്തി. ഇതിന്റെ ഉദ്ദേശ്യം മിഷനറിമാരെയും സ്കൂൾ മാസ്റ്റർമാരെയും ഇന്ത്യയിലേക്കയക്കുകയാണെന്നും ആത്യന്തികമായി ലക്ഷ്യം വെക്കുന്നത് മതപരിവർത്തനമാണെന്നും കമ്പനിയുടെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാനിടയുണ്ട് എന്ന സൂചനയും ഇതോടൊപ്പം നൽകിയിരുന്നു. ഇന്ത്യയിൽ നല്ല പരിചയം ഉണ്ടായിരുന്ന പലരും അത് ശരിവെക്കുകയും, രാഷ്ട്രീയ അരക്ഷിതാവ സ്ഥയ്ക്ക് കാരണമാകുമെന്ന് ഭയപ്പെടുകയും ചെയ്തു[20]. അവർ ബില്ലിനെ അപലപിച്ചു. സ്വാഭാവികമായും ഗ്രാന്റിന്റെയും കൂട്ടരുടെയും ശ്രമങ്ങൾ താല്ക്കാലികമായെങ്കിലും പരാജയപ്പെടുകയും ചെയ്തു. ഈ ബില്ലിന്റെ പരാജയം ചാൾസ് ഗ്രാന്റിന് ആധുനിക ഇന്ത്യൻ വിദ്യാഭ്യാസത്തിൻരെ പിതാവ് എന്ന ബഹുമതി ഇല്ലാതാക്കി എന്ന പറയുന്ന താകും കൂടുതൽ ഉചിതം.

തുടർന്നുള്ള കാലങ്ങളിൽ പ്രത്യേകിച്ച് 1800 കൾക്ക് ശേഷം മിഷനറി പ്രവർത്തനങ്ങ ളോട് കൂടുതൽ നിഷേധാത്മകത സമീപനമാണ് കമ്പനി കൈകൊണ്ടത്. 1806-ലെ വെല്ലൂർ കലാപം അതിനൊരു കാരണവുമായിരുന്നു[21]. കഴിയുമെങ്കിൽ തങ്ങളുടെ പ്രദേശത്ത് നിന്ന് മിഷനറിമാരെ പൂർണ്ണമായും അകറ്റി നിർത്താനും അവർ ശ്രമിച്ചു. ആയതിനാൽ ആദ്യകാലത്ത് ഇന്ത്യയിൽ പ്രവർത്തിച്ച മറ്റു വിദേശ മിഷനറിമാരെല്ലാം ബ്രിട്ടീഷ് ഇതര പ്രദേശങ്ങളിൽ, പ്രധാനമായും ഡച്ച് പ്രവിശ്യകളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചി രുന്നത്. കൽക്കത്തക്കടുത്ത സെറാംപൂരും,(ശ്രീരാംപുരം) മദിരാശിക്ക് സമീപമുള്ള ട്രാൻക്യൂബാറും (തരംഗം പാടി) ഇത്തരത്തിൽ മിഷനറിമാരുടെ താവളങ്ങളായിരുന്നു.

ട്രാൻക്യൂബാറിൽ 1706ൽ ത്തന്നെ ഡച്ച് മിഷനറിമാർ ഒരു മിഷൻ സ്റ്റേഷൻ സ്ഥാപിച്ചി രുന്നു.[22] പത്തു വർഷത്തിനുള്ളിൽ (1716) അവിടെ ഒരു അധ്യാപക പരിശീലന കേന്ദ്രം ഉയർന്നുവന്നു. 1772-ൽ തിരുച്ചിറപ്പള്ളിയിൽ ഷ്വാർട്സ് (Schvartz) എന്നയാൾ യൂറോപ്യൻ യൂറേഷ്യൻ വിദ്യാർത്ഥികൾക്കായി ഒരു വിദ്യാലയം സ്ഥാപിച്ചു. ഹൈദരാലി നല്കിയ ഒരു സംഭാവന ഉപയോഗിച്ച് തഞ്ചാവൂരിൽ അദ്ദേഹം ഒരു ഇംഗ്ലീഷ് ചാരിറ്റി സ്കൂൾ ആരംഭിച്ചു. 1785ൽ ഇന്ത്യൻ വിദ്യാർത്ഥികളെ ഇംഗ്ലീഷ് പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തഞ്ചാവൂർ രാമനാട്, ശിവഗംഗ എന്നീ സ്ഥലങ്ങളിൽ സ്കൂൾ തുറന്നു. തഞ്ചാവൂർ റസിഡണ്ടായിരുന്ന ജോൺ സള്ളിവന്റെ സഹായം അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഇന്ത്യ

ക്കാർക്കുവേണ്ടിയുള്ള ഇംഗ്ലീഷ് അധ്യയന മാധ്യമമായ ആദ്യ വിദ്യാലയങ്ങളായിരുന്നു ഇവ എന്ന് കരുതപ്പെടുന്നു. മറ്റേത് സംഗതികളേക്കാൾ ഇന്ത്യക്കാർക്കും കമ്പനിക്കും പരസ്പരം മനസ്സിലാക്കാൻ ഈ വിദ്യാലയങ്ങൾ ഉപകരിക്കുമെന്ന് സള്ളിവൻ പ്രത്യാശി ക്കുന്നുണ്ട്. ദക്ഷിണേന്ത്യയിലെ ആദ്യ ഇംഗ്ലീഷ് സ്ഥാപിച്ചത് സ്വാതിതിരുനാൾ 1834-36 ലാണ് എന്ന് പരക്കെയുള്ള വിശ്വാസം . ചരിത്രപരമായി തെറ്റാണെന്ന് ഇതെല്ലാം വ്യക്ത മാക്കുന്നു. എന്നാൽ സ്വാതിതിരുനാളിന്റെ മഹാരാജാഫ്രീ സ്കൂളിനുണ്ടായിരുന്നതു പേ ാലുള്ള അഭൂതപൂർവ്വമായ വളർച്ച ഇവക്കൊന്നുമുണ്ടായിട്ടില്ല.[23] എന്തായാലും ഒരു നാട്ടു രാജ്യത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കപ്പെടുന്ന ആദ്യ ഇംഗ്ലീഷ് വിദ്യാലയം എന്ന ബഹുമതി തിരുവനന്തപുരത്തിന് തന്നെ.

ദക്ഷിണേന്ത്യയിൽ ചില വിദ്യാലയങ്ങൾ ആരംഭിക്കപ്പെട്ടുവെങ്കിലും അവിടെ യൊന്നും ക്രിസ്തുമത തത്വങ്ങൾ പഠനവിഷയമായിരുന്നില്ല. കമ്പനിയുടെ കോർട്ട് ഓഫ് ഡയറക്ടേഴ്സ് ഇത്തരം ശ്രമങ്ങളെ സാകൂതം നിരീക്ഷിക്കുകയും ഒരു സഹായം എന്ന നിലയിൽ ഷ്വാർട്സിന്റെ സ്ക്കൂളുകൾ ക്കായി തുടർന്നുള്ള രണ്ട് ചാരിറ്റബിൾ/ഒന്ന് പോർട്ടുഗീസുകാർക്കും മറ്റേത് തമിഴ് വിദ്യാർത്ഥികൾ ക്കായി വാർഷിക ഗ്രാന്റായി 250 പഗോഡയോളം നല്കാനുമൊക്കെ തയ്യാറായി. മിഷനറിമാരോട് മൂന്ന് പ്രസിഡൻസി കളും വ്യത്യസ്ത നിലപാടുകളാണ് സ്വീകരിച്ചത്. കൽക്കത്ത അനുകൂലമായി പ്രതിക രിച്ചില്ലെങ്കിലും വളരെ നിഷേധാത്മകമായിരുന്നില്ല. ബോംബെ പരിപൂർണ്ണമായും മിഷ നറിമാരെ അകറ്റിനിർത്തി. എന്നാൽ മദ്രാസിൽ ഇതായിരുന്നില്ല സ്ഥിതി. അവർ മിഷന റിമാരെ കൈയ്യയച്ച് സഹായിച്ചതിന്റെ നിരവധി ദൃഷ്ടാന്തങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഉദാഹരണമായി മിഷൻ പ്രവർത്തനങ്ങളോട് ഒരു തരത്തിലും സൗഹൃദമുണ്ടായിരുന്നി ട്ടില്ലാത്ത തിരുവിതാംകൂറിൽ 1806ൽ റിങ്കിൾടാബ് എത്തിയപ്പോൾ ദിവാനായിരുന്ന വേലു ത്തമ്പിയെ മുഖം കാണിക്കേണ്ടതായി വന്നു. താങ്കൾ ഏത് മതത്തിൽപ്പെടുന്നു എന്ന ദിവാന്റെ ചോദ്യത്തോട് ഞാൻ റസിഡണ്ട് മക്കാളെയുടെ മതത്തിൽപ്പെടുന്നു എന്ന ധാർഷ്ട്യം കലർന്ന മറുപടിയാണ് ലഭിച്ചത്. ഇത്തരത്തിൽ മറുപടി പറയാൻ അദ്ദേഹത്തെ പ്രാപ്തമാക്കിയത് മദിരാശി ഗവൺമെന്റ് മിഷനറിമാർക്ക് നല്കിയിരുന്ന ഭൗതികവും ആത്മീയവുമായ പിന്തുണയായിരുന്നു. എന്നാൽ അങ്ങിനെയൊരു മതമുള്ളതായി എനി ക്കറിയില്ല എന്ന് വേലുത്തമ്പി തിരിച്ചടിക്കുന്നുമുണ്ട്.[24] എ.ഡി 849 മുതൽക്കെങ്കിലും തരിസാപ്പള്ളി ചെപ്പേടിന്റെ കാലം മുതൽക്കുതന്നെ ക്രിസ്തീയ മതത്തെ പരിചയച്ചവ രായിരുന്നു മലയാളികൾ എന്നതുതന്നെ കാരണം.[25] തുടർന്ന് വന്ന റസിഡണ്ട് കേണൽ മൺറോ പ്രൊട്ടസ്റ്റന്റ് വിശ്വാസം തിരുവിതാംകൂറിൽ പ്രചരിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ കേരള ചരിത്ര വിദ്യാർത്ഥികൾക്ക് സുപരിചിതമാണ്.

റിങ്കൾടാബ് കേരളത്തിലെത്തി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തു

മ്പോൾ അത്തരം പ്രവർത്തനങ്ങൾക്ക് ഈസ്റ്റിന്ത്യാ കമ്പനി ഗവൺമെന്റ് നിയമപരമായി അനുവാദം നല്കിയിട്ടുണ്ടായിരുന്നില്ല എന്നു മാത്രമല്ല ഇത് സംബന്ധിച്ച് ഇംഗ്ലണ്ടിൽ സംവാദങ്ങൾ തുടരുകയുമായിരുന്നു. ആയതിനാൽ ആദ്യകാലത്ത് ഇവിടെ വന്നവരൊക്കെയും ലണ്ടൻ മിഷൻ പ്രതിനിധികളടക്കം ജർമ്മൻ ലൂഥറർമാരോ പിയറ്റിസ്റ്റുകളോ വടക്കേ യൂറോപ്പിൽ നിന്നുള്ളവരോ ആയിരുന്നു. റിങ്കിൾടാബ് ജർമ്മനിയിലെ ലുഥറൻ സഭയിൽ അംഗമായിരുന്നു. പിന്നീട് ലണ്ടനിലെത്തി എൽ.എം.എസിന്റെ ഭാഗമാകുകയായിരുന്നു.[26] ഇതിനിടെ ചാൾസ് ഗ്രാന്റ് ഈസ്റ്റിന്ത്യാകമ്പനിയുടെ കൺട്രോൾ ബോർഡിൽ അംഗമായും പിന്നീട് ചെയർമാനുമൊക്കെയായി നിയമിതനായി. ഇന്ത്യയിൽ ചാപ്ലെയ്നമാരെ നിയമിക്കാനുള്ള പൂർണ്ണ അധികാരം ചെയർമാൻമാരിൽ നിക്ഷിപ്തമായിരുന്നു. അത് വിനിയോഗിച്ചുകൊണ്ട് ഗ്രാന്റ് തീവ്രനിലപാടുകളുണ്ടായിരുന്ന സി.ബുക്കാനൻ, ഹെൻട്രി മാർട്ടിൻ എന്നിവരെ ഇന്ത്യയിലേക്കെത്തിച്ചു. ബുക്കാനൻ കേരളം സന്ദർശിച്ച് ഇവിടത്തെ ആദിമ ക്രിസ്ത്യാനികളായ സിറിയൻ ക്രിസ്ത്യൻ വിഭാഗക്കാരെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്.[27] ഇതിനിടെ ബംഗാളിൽ ഗവർണർ ജനറലായിരുന്ന ജോൺഷോർ, ജനങ്ങളെ നമ്മുടെ മതവിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുത്തുന്നതുവരെ ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യം ബാഹ്യആക്രമണങ്ങളിൽ നിന്നോ, ആഭ്യന്ത്ര കലാപങ്ങളിൽ നിന്നോ വിമുക്തമല്ല എന്നൊരു പ്രസ്താവനയും പുറപ്പെടുവിച്ചിരുന്നു.

മുകളിൽ സൂചിപ്പിച്ചതുപോലെ 1792 ന് ശേഷവും ഏതെങ്കിലും വിധേന മിഷനറിമാരെ ഇന്ത്യയിലെത്തിക്കാനുള്ള ശ്രമങ്ങൾ ഇവാഞ്ചലിക്കൽ പ്രസ്ഥാനക്കാർ ഉപേക്ഷിച്ചിരുന്നില്ല. അതിന്റെ ഭാഗമായി 1793 ൽ ലണ്ടൻ ബാപ്ടിസ്റ്റ് മിഷനറി സൊസൈറ്റി വില്യം കാരിയെ (William Carey) ഡാനിഷ് കപ്പലിൽ ഇന്ത്യയിലേക്കയച്ചു. 1799–ൽ ഒരു അമേരിക്കൻ കപ്പലിൽ രണ്ടുപേർകൂടി വന്നു. ഇവർ ശ്രീരാംപൂരിലാണ് പ്രവർത്തിച്ചത്. കാരി ജോർജ് ഉഡ്നിയുടെ സഹായത്താൽ ദിനാജ്പൂരിൽ ഒരു ബോർഡിംഗ് സ്കൂൾ സ്ഥാപിച്ചു. സംസ്കൃതം, ബംഗാളി, പേർഷ്യൻഭാഷകളും ക്രിസ്തുമത ബോധനങ്ങളും പഠിപ്പിച്ചു. 1800–ൽ അദ്ദേഹം സെറാംപൂരിൽത്തന്നെയുള്ള മറ്റു രണ്ടുപേരോടുകൂടിച്ചേർന്ന് ഒരു പ്രിന്റിംഗ്പ്രസും കടലാസ് നിർമ്മാണശാലയും ആരംഭിച്ചു. ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന് മികച്ച ഓർഡറുകൾ ലഭിച്ചതുകൊണ്ട് വിജയം കൈവരിച്ച സംഘം ലാഭവിഹിതം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയുക്തമാക്കി.

പുതിയ ചാർട്ടറിനെ ലക്ഷ്യമാക്കി 1812ൽത്തന്നെ മിഷനറി അനുകൂലികൾ സംഘടിക്കാൻ തുടങ്ങി. വിൽബർഫോഴ്സ്, ഗ്രാന്റ്, തോർടൺ (Thornton), സ്റ്റീഫൻ ബാബിംഗ്ടൻ മുതലായവർ സജീവമായി രംഗത്തുണ്ടായിരുന്നു. വിവിധ പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളുമായും, രാഷ്ട്രീയ പിടിപാടുള്ളവരുമായും ചർച്ച നടത്തുകയായിരുന്നു

ലക്ഷ്യം. ഗ്രാന്റ് അന്നത്തെ പ്രധാനമന്ത്രി ലിവർപൂളുമായി ഒരിന്റർവ്യൂ നടത്തി. ബോർഡ് ഓഫ് കൺട്രോൾ പ്രസിഡണ്ട് ബക്കിംഹാംഷെർ ആയിരുന്നു. ഇവരൊക്കെ തൽസ്ഥിതി തുടരട്ടെ എന്ന അഭിപ്രായക്കാരായിരുന്നു. ഗ്രാന്റിന്റെ എതിർപക്ഷവും തെളിവുകൾ നിരത്തിക്കൊണ്ട് സജീവമായിരുന്നു. മാൽക്കം നിരീക്ഷണങ്ങൾ (Malcom Obsevation) ഇത്തരരത്തിലുള്ള ഒന്നായിരുന്നു. തിരുവിതാംകൂറിൽ റെസിഡണ്ടായിരുന്ന മെക്കാ ളെയപ്പോലുള്ളവർ ഗവൺമെന്റ് സഹായം നല്കിയില്ലെങ്കിലും മിഷനറിമാരെ പ്രവർത്തി ക്കാനെങ്കിലും അനുവദിക്കണമെന്ന പക്ഷക്കാരായിരുന്നു. പ്രതികൂലമായി വാദിച്ചവ രൊന്നും മിഷനറി പ്രവർത്തനങ്ങൾക്കെതിരായിരുന്നില്ല. മറിച്ച് അതുണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചാണവർ ചർച്ചചെയ്തത്. ഇന്ത്യയിലെ വിവിധ മതങ്ങൾ, വർഗ്ഗങ്ങൾ, ജാതികൾ, ഗോത്രവിഭാഗങ്ങൾ എന്നിവയെ സമർത്ഥമായി ഉപയോഗപ്പെടു ത്തിയാണ് ബ്രിട്ടീഷ് ഭരണത്തിന്റെ ഏകോപനം സാധ്യമായതെന്നും മതപരിവർത്തന ശ്രമങ്ങൾ ഈ വിഭാഗങ്ങളെ ഒന്നായി യോജിപ്പിക്കുമെന്നും അത്യന്തികമായി നമുക്കത് ദോഷം ചെയ്യുമെന്നും അവർ ന്യായമായും തർക്കിച്ചു.

ഈ സമയത്ത് സക്കാരിമെക്കാളെ എന്ന വ്യക്തി വിൽബർഫോഴ്സിന്റെ നിർദ്ദേ ശത്തിൽ ഒരു കാംപെയ്ൻ ആരംഭിച്ചു. ഇടതടവും ഉപാധികളുമില്ലാതെ ഇന്ത്യിലേക്ക് മിഷ നറിമാരെ അയക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റിലേക്ക് നിരവധി പെറ്റീഷനുകൾ അയ ക്കപ്പെട്ടു. 1813 ഫെബ്രുവരിക്കും ജൂണിനുമിടയിൽ ഇത്തരത്തിൽ 837 പെറ്റീഷനുകളാണ് പാർലമെന്റിന് ലഭിച്ചത്. ഇതിന് ഫലമുണ്ടായി. ഇന്ത്യയിൽ ഒരു ബിഷപ്പ് ആസ്ഥാനം (Bishopric) സ്ഥാപിക്കാൻ തയ്യാറാണെന്ന് ലിവർപൂളും ബക്കിംഹാംഷൈറും വിൽബർ ഫോഴ്സിനെ അറിയിച്ചു. ചാർട്ടർ ആക്ടിൽ ഇതുസംബന്ധിച്ച് റസലൂഷൻ പരിഗണിക്ക പ്പെട്ടു. ബ്രിട്ടീഷ് ഇന്ത്യയിലെ തദ്ദേശീയരായ ജനതയുടെ താല്പര്യവും സന്തോഷവും പരിഗണിച്ചുകൊണ്ടാണിതെന്ന് വ്യക്തമാക്കുകയുണ്ടായി.

1813 ജൂലൈ 21-ന് പുതുക്കിയ ചാർട്ടർആക്ട് നിലവിൽ വന്നു. അതിൻപ്രകാരം ഇന്ത്യയിൽ ഒരു എപ്പിസ്കോ പെറ്റും ആർച്ച് ഡീക്കൻ സ്ഥാനവും അനുവദിക്കപ്പെട്ടു. മിഷനറിമാർക്ക് ഇന്ത്യയിൽ പ്രവേശിക്കാനുള്ള ലൈസൻസ് നല്കാനുള്ള അധികാരം ബോർഡ് ഓഫ് കൺട്രോളിൽ നിക്ഷിപ്തമാക്കി.

ഇതോടൊപ്പം തന്നെ ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസ പ്രക്രിയ ആരംഭിക്കാനുള്ള ഒരു ക്ലോസ് അവതരിപ്പിക്കുപ്പെട്ടു. ചില്ലറ ഭേദഗതികളോടെ 43-ാം ക്ലോസ് പാസായി. ഇത് പ്രകാരം പ്രാദേശിക പ്രവിശ്യാവരുമാനത്തിന്റെ മിച്ചത്തിൽ നിന്നും കണ്ടെത്തുന്ന ഒരു ലക്ഷത്തിൽ കുറയാത്ത സംഖ്യ ഓരോ വർഷവും ഇന്ത്യിലെ വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും പുനർജീവനത്തിനും, നാട്ടുകാരായ പണ്ഡിതന്മാരെ പ്രോത്സാ

ഹിപ്പിക്കാനും വിനിയോഗിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. ശാസ്ത്രീയ വിദ്യാഭ്യാസത്തിന്റെ വ്യാപനവും ഉദ്ദേശിക്കപ്പെട്ടിരുന്നു. എന്നാൽ ഈ തുക എങ്ങിനെ സ്വരൂപിക്കുമെന്നോ ചെലവഴിക്കുമെന്നോ വ്യക്തമായ നിർദ്ദേശമൊന്നും ഉണ്ടായിരുന്നില്ല. ആ വഴിക്ക് വലിയ പുരോഗതിയൊന്നും സർക്കാർ തലത്തിൽ ഉണ്ടായതുമില്ല. മിഷനറിമാരെ ഔദ്യോഗികമായി അംഗീകരിക്കുകവഴി അവർക്ക് ആത്മവിശ്വാസം ലഭിക്കുകയും അത് ഇന്ത്യയിലെ ആധുനിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനപരമായി ഭവിക്കുകയും ചെയ്തു. ഇപ്പോൾ 200 വർഷം ആചരിക്കുന്ന ഇന്ത്യയിലെത്തന്നെ ആദ്യ കലാലയങ്ങളിലൊന്നായ കോട്ടയം സി.എം.എസ് കോളേജൊക്കെ അതിന്റെ ഉപോത്പന്നമായിരുന്നു.[29]

## End Notes

1. ഉദാഹരണമായി മലയാള ബാസൽ മിഷൻ ചരിത്രസംക്ഷേപം എന്ന പേരിൽ1934ൽ പുറത്തു വന്ന പുസ്തം, പുറം 8. ഇതിന്റെ രചയിതാവ് ആരെന്ന് വ്യക്തമാക്കിയിട്ടില്ല. മുഖവുര തയ്യാറാക്കിയിട്ടുള്ളത്. ഋ.ണ. എന്ന് കാണുന്നു.

2 ഡിക് കുയ്മാന്റെ 'കൺവേർഷൻ ആന്റ് സോഷ്യൽ ഇക്വാലിറ്റി ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ളത്. പേജ് നമ്പർ. 27

3. റാണി ഗൗരീ പാർവ്വതീഭായിയുടെ 1817ലെ ഒരു നീട്ടു പ്രകാരം തിരുവിതാംകൂറിൽ സർക്കാർ ഉടമസ്ഥതയിൽ വിദ്യാലയങ്ങൾ തുടങ്ങാനും അധ്യാപകരുടെ ശമ്പളം ഖജനാവിൽ നിന്ന് കൊടുക്കാനും തീരുമാനമായിരുന്നു.അധ്യാപകരും ശമ്പളം മാസം ഒന്നിന് 50 പണം. മാത്രമല്ല രാണ്ടാഴ്ച കൂടുമ്പോൾ മണ്ടപാതത്തും വാതുക്കൽ തഹസിൽദാരും നമ്പ്രതിക്കാരന്മാരിൽ ഒരുത്തനും പള്ളിക്കൂടത്തിൽചെന്ന് പഠന പുരോഗതി വിലയിരുത്തി. ഹജൂർക്കച്ചേരിയിൽ അറിയിക്കേണ്ടതുണ്ടായിരുന്നു (കൊല്ലവർഷം 992-ാംമാണ്ട് ഇടവമാസം 19 ന് ഇറക്കിയ നീട്ട്)

4. വിശദവിവരങ്ങൾക്ക് കാണുക 'എ സ്റ്റുഡന്റ്സ് ഹിസ്റ്ററി ഓഫ് എഡ്യുക്കേഷൻ ഇൻ ഇന്ത്യാ ജെ.പി.നായ്ക് & സയ്യിദ് നൂറുള്ള അധ്യായം 2

5. ബർണാഡ്, ഹിസ്റ്ററി ഓഫ് ഇംഗ്ലീഷ് എഡുക്കേഷൻ ഫ്രം 1760, യൂണിവേഴ്സിറ്റി ഓഫ് ലണ്ടൻ പ്രസ്സ് 1947.

6 ഗുണ്ടർട്ട് സഭ ആരംഭിച്ചപ്പോൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി രണ്ട് അനാഥശാലകൾ സ്ഥാപിച്ചു. ഈ ശാലകളുടെ മേൽനോട്ടം ജൂലി ഗുണ്ടണ്ടർട്ടിനായിരുന്നു. അവർ കുട്ടികളെ ഇംഗ്ലീഷ്, ബൈബിൾ, കണക്ക് എന്നിവയ്ക്ക് പുറമേ ലേസ് ഉണ്ടാക്കാനും, തയ്ക്കാനും പഠിപ്പിച്ചിരുന്നു. മിസ്സിസ് നോർട്ടനും, മിസ്സിസ് ബേക്കറുമെല്ലാം ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു

7. സി.വി.കുഞ്ഞിരാമന്റെ 'ഞാൻ' എന്ന ആത്മകഥ ഹാഷിം രാജൻ എഡിറ്റ് ചെയ്ത് പ്രസിദ്ധം ചെയ്തിട്ട്. കൗമുദി പബ്ലിക് റിലേഷൻ, 2011.

8. പേട്ടയിൽ രാമൻപിള്ള ആശാന്റെ കുടിപ്പള്ളിക്കൂടത്തിലെ മുതിർന്ന വിദ്യാർത്ഥിയായിരുന്നു ചട്ടമ്പി സ്വാമികൾ. ഇവർ ഇളയകുട്ടികളെ പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുന്നു. മോണിറ്റോറിയൽ സമ്പ്രദായം എന്നറിയപ്പെട്ട ഈ രീതി മദ്രാസ്സ് ചാപ്ലെയ്നായിരുന്ന ആൻഡ്രൂബെല്ലിന്റെനേതൃത്വത്തിൽ

1800 മുതൽ അരനൂറ്റാണ്ടുകാലം ഇംഗ്ലണ്ടിൽ വിജയകരമായി പരീക്ഷിക്കപ്പെട്ടിരുന്നു.

9. ജോൺ ഫ്രിസ്കൻ എന്ന വിദ്യാർത്ഥിയെ പരിശീലിപ്പിച്ചെടുത്തതാണ് ബെൽ തന്റെ മദ്രാസ്/ മോണിറ്റോറിയൽ സമ്പ്രദായത്തിന് തുടക്കം കുറിക്കുന്നത്. ഇതേ കുറിച്ച് കൂടുതലറിയാൻ കാണുക, ശ്രീജിത്ത്. ഇ, ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് റിസർച്ച് ജേണൽ, മാർച്ച് 2016.

10. നിങ്ങൾ ലോകം മുഴുവൻ പോയി എന്റെ സുവിശേഷം അറിയിപ്പിൻ എന്ന പുതിയ നിയമത്തിലെ കൽപ്പന Go ye into all the world, and prerach the gospel to every creature (New Testament, St.Mark;16:15.) "Go ye therefor, and teach all nations, baptizing them in the name of the Father, and of the Son, and of the Holy Ghost'' (New Testament, St.Mathew;28:19) അനുസരിച്ചായിരുന്നു ഇത്.

11. കെ.കെ.എൻ. കുറിപ്പിന്റെ ഈ The attitude of Missionaries towards the tradition society of South India during 19th century, സൗത്ത് ഇന്ത്യൻ ഹിസറ്ററി കോൺഗ്രസ് പ്രബന്ധം, 1988 (8th session) Page 92.

12. ഡിക് കുയ്മാൻ, മുകളിലുദ്ധരിച്ചത്.

13. ആദ്യവർഷങ്ങളിൽത്തന്റെ 29000 രുപ വാർഷി ആദായം ലഭിക്കുന്ന ഭൂമി മദ്രസയുടെ നടത്തിപ്പിനായി വിട്ടുകൊടുത്തിരുന്നു. (ഇത് മദ്രസ മഹൽ എന്നറിയപ്പെട്ടു)മദ്രസയിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്ന വിദ്യാർത്ഥികളെ നീതിന്യായ വകുപ്പിലെ ഒഴിവുകളിലും മറ്റു ജോലികളിലും പരിഗണിച്ചു.

14. ബനാറസ് ഹിന്ദുകോളേജിന് ആദ്യവർഷം 14000ഉം തുടർന്നത് 20000 രൂപയും ഗ്രാന്റായി നൽകി. ണ്ഡിറ്റുമാരായിരുന്നു കോളേജ് നടത്തിയിരുന്നത്. അവർ കഴിവ് കുറഞ്ഞവരായതിനെ തുടർന്ന് ഒരു യൂറോപ്യൻ സൂപ്രണ്ട് നിയമിക്കപ്പെട്ടു. ഈ രണ്ട് സ്ഥാപനങ്ങളും ബ്രിട്ടീഷുകാർ പിൻതുടർന്നിരുന്ന പൗരസ്ത്യ വിദ്യാഭ്യാസ സമീപനത്തിന്റെ ആരംഭത്തെ കുറിക്കുന്നു. പ്രാദേശിക ഹിന്ദുക്കളി ലും മുസ്ലീംങ്ങളിലും ബ്രിട്ടീഷുഭരണത്തോടുള്ള പ്രിയത വർദ്ധിപ്പിക്കുക എന്നതായിരുന്ന ഈ സ്ഥാപനങ്ങളുടെ ആത്യന്തിക ലക്ഷ്യം

15. കൽക്കത്ത സുപ്രീം കോടതിയിൽ പ്യൂണിക് ജഡ്ജായി, വാറൻ ഹേസ്റ്റിംങ്ങ്സിന്റെ പ്രത്യേകത താൽപര്യത്തിൽ നിയമിക്കപ്പെട്ടയാളായിരുന്നു വില്യം ജോൺസ്.

16. ഡോ.ലിസി മാത്യു വേങ്ങയിൽ കുഞ്ഞിരാമൻനായരുടെ കൃതികൾ സമാഹരിച്ച് പ്രിദ്ധീകരിച്ചിട്ടുണ്ട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

17. വിശദവായനക്ക് കാണുക, സുരേഷ്ചന്ദ്രഘോഷ്, The History of Education in Modern India, 1757-1998, Orient Longman Delhi, 2000.

18. 1787-ൽ ത്തന്നെ ഇതേ ലക്ഷ്യത്തോടെ ഗ്രാന്റ് ''Proposal for Establishing a Protestant Mission in Bengal and Berar'' എന്ന പേരിൽ ഒരു കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.

19. "The True cure of darkness is the introduction of light''.

20. 'പയസ് ക്ലോസ്' എന്നറിയപ്പെട്ട ഈ നിർദ്ദേശം വിൽബർ ഫോഴ്സിന്റെ പ്രവർത്തനഫലമായാണ് ചാർട്ടറിൽ കൂട്ടി ചേർക്കാനുള്ള ശ്രമമുണ്ടായത്. എന്നാൽ ഹൗസ് ഓഫ് കോമൺസിലെ മൂന്നാം വായനക്കു മുൻപെ തന്നെ ഈ ക്ലോസ് പിൻവലിക്കപ്പെട്ടു. കമ്പനി ഡയറക്ടർമാർ ഇത് പരാജയപ്പെട്ടതിൽ ദൈവത്തോട് സ്തുതി പറഞ്ഞു (മതപരിവർത്തനം അത്യന്തികമായി അപ്രാ യോഗികമാക്കിയതിനാൽ) എന്ന് സിൽവസ്റ്റർ ഹോണിനെ ഉദ്ധരിച്ചുകൊണ്ട് ഡിക് കൂയിമാൻ രേഖപ്പെടുത്തുന്നു.

21. മദ്രാസ് പ്രസിഡൻസിയിലെ വെല്ലൂരിൽ പട്ടാളക്കാരുടെ ഇടയിൽ വസ്ത്രധാരണത്തിൽ വരുത്തിയ മാറ്റംമായിരുന്നു പ്രകട കാരണം- പഴയ ടർബന് പകരം കൂടുതൽ ലഘുവായ ഒന്ന് കൊണ്ടുവന്നതിനെ

തിരെ. 350 ഇന്ത്യക്കാരും 130 ബ്രിട്ടീഷുകാരും വെല്ലൂർ കലാപത്തിൽ മരിച്ചു. 500 ലേറെ പേർ ജയിലിൽ അടക്കപ്പെട്ടു.

22. Zieganbalg, Plustschau എന്നിവരായിരുന്നു ഇതിന് പിറകിൽ.

23. നാഗർകോവിലെ ഘങ്ങട സെമിനാരി ഹെഡ്മാസറ്ററായിരുന്നു റോബർട്ട് സായ്പന് 100 രൂപ ശമ്പളം വാഗ്ദാനം ചെയ്താണ് സ്വാതിതിരുനാൾ തിരുവനന്തപുരത്തേക്ക് ക്ഷണിക്കുന്നത്. 80 കുട്ടികളുടെ ചെലവ് രാജാവ് തന്നെ വഹിച്ചു. 1836-ൽ ഈ സ്കൂൾ രാജാവ് ഏറ്റെടുത്ത് രാജാവ് ഫ്രീ സ്ക്കൂൾ എന്ന് പുനർ നാമകരണം ചെയ്തു.

24. വിശദവിവരങ്ങൾക്ക് കാണുക: തിരുവിതാംകൂർ ചരിത്രം , ശങ്കുണ്ണി മേനോൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവന്തപുരം.

25. സ്ഥാണു രവിയുടെ അഞ്ചാം ഭരണവർഷത്തിൽ അതായത് എഡി-849 ൽ വേണാട്ടടിയായ അയ്യനടി തിരുവടികൾ മരുവാൻ സാപീരീശോ എന്ന വിദേശ കച്ചവട സംഘം തലവന് കുരക്കേണി കൊല്ലത്ത് ഒരു പള്ളി സ്ഥാപിക്കാൻ അനുവാദം നൽകിയതോടൊപ്പം 72 അവകാശങ്ങളും കൊടുക്കുന്നു. കേരളത്തിലെ ക്രിസ്ത്യൻ സാന്നിദ്ധ്യത്തിന്റെ ആദ്യ മൂർത്തമായ തെളിവാണ് ഈ ചെപ്പേട്. തരിസാപ്പള്ളി ചെപ്പേടുകൾ എന്ന പേരിൽ 2 സെറ്റ് പട്ടയങ്ങൾ ഉണ്ട് എന്ന ഗോപിനാഥറാവുവിന്റെ കാലം മുതലുള്ള ധാരണ തെറ്റാണെന്ന് തെളിയിക്കാൻ ഡോ.രാഘവവാര്യർക്കും ഡോ.കേശവൻ വെളുത്താട്ടിനു കഴിഞ്ഞു. കാണുക തരിസാപ്പള്ളിപട്ടയം, എസ്.പി.സി.എസ് കോട്ടയം,2013 ഈ പുതിയ കണ്ടെ്ലിനെക്കുറിച്ച് ഈ ലേഖകൻ നടത്തിയ പഠനം സമകാലീക മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്, വീണ്ടും ശ്രദ്ധേയമാകുന്ന തരിസാപ്പള്ളി ചെപ്പേടുകൾ എന്ന പേരിൽ.

26. LMS- 1795ലും CMS 1799 ലും സ്ഥാപിതമായി. രണ്ടും ആഗ്ലിക്കൻ സഭയുടെ കീഴിലുള്ള സംഘടന കളായിരുന്നു. പ്രൊട്ടസ്റ്റന്റ് ആശയങ്ങളുടെ പ്രചരണമായിരുന്നു ഇവയുടെ ലക്ഷ്യം.

27. ക്ലോഡിയസ് ബുക്കാനൻ കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്നത്തെ തിരുവിതാംകൂർ റസിഡണ്ടായിരുന്ന മെക്കാളെയുടെ സഹായം ബുക്കാനന് ലഭിച്ചിരുന്നു. ബുക്കാനന്റെ ഗ്രന്ഥത്തിന്റെ പേര് 'Christian Researche in Asia' എന്നായിരുന്നു. ഇദ്ദേഹം കൽക്കട്ടാ ഫോർട്ട് വില്യംകോളേജിന്റെ ഉപ-പ്രധാനാധികാരിയായിരുന്നു.

## References

1. *Alok. K . Mukherjee, The Gift of English, orient Blackswan, New Delhi, 2009.*

2. *Dick Kooiman, Conversion and Social Equality in India, Manohar, Delhi, 1989.*

3. *Naik J,.P, Sayyid Nurullah, A students History of Education In India, Macmillan Inida, Delhi, 1974.*

4. *Suresh Cahndra Gosh, The Hisotry of Educ ation in Modern India- 1757-1998, Orient Longman, Delhi, 2000.*